പത്രക്കുറിപ്പ്
15-9-2018

# ഞങ്ങൾ കൃഷി വീണ്ടെടുക്കും: കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പിലെ വനിതകളുടെ ആത്മവിശ്വാസം അഭിനന്ദനാർഹം: പി.സായ്നാഥ്

തിരുവനന്തപുരം: പ്രളയക്കെടുതിയിൽ അതീവ ഗുരുതരവും വ്യാപകവുമായ കൃഷിനാശം സംഭവിച്ചെങ്കിലും കഠിനാധ്വാനത്തിലൂടെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുമെന്ന ആത്മവിശ്വാസവും പ്രതീക്ഷയും പുലർത്താൻ കഴിയുന്നവരാണ് കുടുംബശ്രീയുടെ സംഘക്കൃഷി ഗ്രൂപ്പുകളിലെ വനിതകളെന്ന് പ്രമുഖ മാധ്യമ പ്രവർത്തകനും റമൺ മാഗ്സാസെ അവാർഡ് ജേതാവുമായ പി.സായ്നാഥ് പറഞ്ഞു. ഇത് തികച്ചും അഭിനന്ദനാർഹമാണ്. അപ്രതീക്ഷിതമായുണ്ടായ പ്രളയം ഏറ്റവും സാരമായി ബാധിച്ച പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ സംഘക്കൃഷി ഗ്രൂപ്പുകൾക്കുണ്ടായ കൃഷിനാശം നേരിൽ കണ്ടറിയാനും പഠിക്കാനുമായി സന്ദർശനം നടത്തിയ ശേഷം കുടുംബശ്രീ സംസ്ഥാനമിഷനിലെ ഉദ്യോഗസ്ഥരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രാദേശികതയിൽ അടിയുറച്ച മുന്നേറ്റമാണ് കുടുംബശ്രീയുടെ സംഘക്കൃഷിയുടേത്. ഭൂപരിഷ്ക്കരണത്തിനു ശേഷം കേരളം കണ്ട ഏറ്റവും വലിയ കാർഷിക വിപ്ളവമാണിത്. വളരെ വ്യാപകമായ കൃഷിനാശമാണ് സംഘക്കൃഷി അംഗങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുള്ളതെന്ന് ജില്ലകൾ സന്ദർശിച്ചതിൽ നിന്നും മനസിലാക്കുന്നു. എന്നാൽ ദുരന്തം ഏൽപിച്ച ആഘാതത്തിൽ നിന്നും മോചിതരാകാൻ കുടുംബശ്രീ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാം നശിച്ചിട്ടും കൃഷിയിലൂടെ തന്നെ തങ്ങളുടെ ഉപജീവനോപാധി വീണ്ടെടുക്കുമെന്ന ആത്മവിശ്വാസവും ധൈര്യവും പ്രകടിപ്പിക്കാൻ അവർക്ക് സാധിക്കുന്നത് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ ലഭിച്ച കൂട്ടായ്മയുടെ കരുത്തുകൊണ്ടാണ്. നിലവിൽ സംഭവിച്ച കൃഷിനാശങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് നൽകുന്നതോടൊപ്പം കാർഷിക മേഖലയിൽ നിന്ന് ഉപജീവന മാർഗം കണ്ടെത്തുന്നതിനുമുള്ള അടിയന്തിര പിന്തുണകളാണ് അവർക്കിനി ലഭ്യമാക്കേണ്ടത്. കർഷകർക്ക് ആവശ്യമായ പിന്തുണയും സഹായങ്ങളും നൽകുന്നതിനായി മണ്ണിന്റെ ഫലഭൂയിഷ്ഠത ദീർഘകാലം നിലനിർത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് മികച്ച കാർഷിക പദ്ധതികൾ അവർക്കായി ആസൂത്രണം ചെയ്ത് നടപ്പാക്കണം. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കർഷകർക്ക് നിയന്ത്രിക്കാൻ കഴിയുന്നതും സാമ്പത്തികമായി അവർക്ക് വഹിക്കാൻ കഴിയുന്ന തരത്തിലുമുള്ള ആധുനിക സാങ്കേതിക വിദ്യകളാണ് അവതരിപ്പിക്കേണ്ടത്.

കോർപ്പറേറ്റുകൾ ലാഭം മുൻനിർത്തി കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന ഉൽപാദനരീതികൾ കാലക്രമേണ മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്നു. ഉൽപാദനം വർധിപ്പിക്കുന്നതിനായി പ്രയോഗിക്കുന്ന മാർഗങ്ങൾ ഉൽപന്നങ്ങളുടെ ക്രമാനുഗതമല്ലാത്ത വളർച്ചയിലേക്കാണ് നയിക്കുന്നത്. ഇത്തരം ഭക്ഷ്യോൽപന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമാണ്. നമ്മുടെ വാസസ്ഥലത്തു നിന്നും നൂറു മൈൽ ചുറ്റളവിൽ ഉൽപാദിപ്പിച്ച ഭക്ഷ്യധാന്യങ്ങളും കാർഷികോൽപന്നങ്ങളും ഉപയോഗിക്കാൻ കഴിയുന്ന അവസ്ഥ സംജാതമാക്കണം. ഇക്കാര്യത്തിൽ കുടുംബശ്രീയുടെ സംഘക്കൃഷി ഗ്രൂപ്പുകൾക്ക് മികച്ച രീതിയിലുള്ള ഇടപെടൽ നടത്താൻ കഴിയും. പ്രളയക്കെടുതികളെ തുടർന്ന് ഗ്രാമീണ കാർഷിക മേഖലയിൽ വലിയ നഷ്ടങ്ങൾ നേരിട്ടെങ്കിലും ഫലപ്രദമായ ആസൂത്രണം വഴി രൂപപ്പെടുത്തിയ കാർഷിക പദ്ധതികൾ അവതരിപ്പിച്ചുകൊണ്ട് അത് മറികടക്കാനാകുമെന്നും സംഘക്കൃഷി ഗ്രൂപ്പിലെ സാധാരണക്കാരായ വനിതകൾ പുലർത്തുന്ന ശുഭാപ്തിവിശ്വാസം പ്രതീക്ഷ നൽകുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

പ്യൂപ്പിൾ ആർക്കൈവ് ഓഫ് ഇന്ത്യ ബാംഗ്ളൂർ കറസ്പോണ്ടന്റ് വിശാഖ ജോർജ്, പത്തനംതിട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്.സാബിർ ഹുസൈൻ, ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സുജ ഈപ്പൻ എന്നിവർ അദ്ദേഹത്തെ അനുഗമിച്ചു. പത്തനംതിട്ട ജില്ലയിൽ റാന്നി അങ്ങാടി, അയിരൂർ, തോട്ടപ്പുഴശ്ശേരി, നെടുമ്പുറം ആലപ്പുഴ ജില്ലയിലെ കൈനകരി, ചമ്പക്കുളം, ചെട്ടികുളങ്ങര എന്നീ സി.,ഡി.എസുകൾ സന്ദർശിച്ച് അവിടുത്തെ സംഘക്കൃഷി ഗ്രൂപ്പ് അംഗങ്ങളുമായി അദ്ദേഹം ആശയവിനിമയം നടത്തി.

കുടുംബശ്രീ പ്രോഗ്രാം ഓഫീസർ സി.എസ്. ദത്തൻ സ്വാഗതവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ കൃതജ്ഞതയും പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ